# Phone call between Prime Minister ShriNarendraModi and H.E. Dr. Thongloun Sisoulith, Prime Minister of Lao People's Democratic Republic

June 12, 2020

---

## പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയും ലാവോ പീപ്പിൾസ് ഡെമോക്രാറ്റിക് റിപ്പബ്ലിക്കിന്റെ പ്രധാനമന്ത്രി ശ്രീ തോങ്‌ലൂൺ സിസൊലിത്തും തമ്മിലുള്ള ടെലിഫോൺ സംഭാഷണം

ജൂൺ 12, 2020

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോഡി ഇന്ന് ലാവോ പീപ്പിൾസ് ഡെമോക്രാറ്റിക് റിപ്പബ്ലിക്കിന്റെ പ്രധാനമന്ത്രി ശ്രീ തോങ്‌ലൂൺ സിസൊലിത്തുമായി ടെലിഫോൺ സംഭാഷണം നടത്തി.

ആഗോളതലത്തിൽ കോവിഡ്-19 പകർച്ചവ്യാധിമൂലമുള്ള ആരോഗ്യ സമാപ്തിക വെല്ലുവിളികളെക്കുറിച്ച് ഇരു നേതാക്കളും തങ്ങളുടെ കാഴ്ചപ്പാടുകൾ ചർച്ച ചെയ്തു. ലാവോസിൽ പകർച്ചവ്യാധിയുടെ വ്യാപനം തടയുന്നതിനായി ലാവോ PDR സ്വീകരിച്ച കാര്യക്ഷമമായ നടപടികളെ പ്രധാനമന്ത്രി അഭിനന്ദിച്ചു.

കോവിഡിന് ശേഷമുള്ള രാജ്യത്തിനു തയാറെടുക്കേണ്ടതിനായി അന്താരാഷ്ട്ര തലത്തിലുള്ള സഹകരണം, മികച്ച നടപടികളും അനുഭവങ്ങളും പങ്കുവയ്ക്കൽ എന്നിവയുടെ ആവശ്യകതയോട് ഇരു നേതാക്കളും അനുകൂലിച്ചു.

ലാവോസുമായുള്ള ഇന്ത്യയുടെ ചരിത്ര-സാംസ്കാരിക ബന്ധനങ്ങൾ പ്രധാനമന്ത്രി ചൂണ്ടിക്കാണിക്കുകയും വാറ്റ് ഫൗവിലെ ആഗോള പാരമ്പര്യ കേന്ദ്രത്തിന്റെ പുനഃസ്ഥാപനത്തിൽ സംതൃപ്തിപ്രകടിപ്പിക്കുകയും ചെയ്തു. വിഭവ ശേഷി വികസനവും സ്കോളര്ഷിപ്പുകളും ഉളപ്പടെയുള്ള ലാവോസിന്റെ വികസന പദ്ധതികളിൽ ഇന്ത്യ നൽകുന്ന പിന്തുണയ്ക്ക് ലാവോ പ്രധാനമന്ത്രി ഇന്ത്യൻ പ്രധാനമന്ത്രിയോട് നന്ദി പറഞ്ഞു.

ഇന്ത്യയുടെ വിദൂര അയൽരാജ്യങ്ങളിലെ ഒരു മൂല്യവത്തായ പങ്കാളിയെന്നനിലയിൽ ലാവോ PDR നൊപ്പമുള്ള വികസനപങ്കാളിത്തത്തിൽ ഇന്ത്യയുടെ പ്രതിബദ്ധത തുടരുന്നതിനെക്കുറിച്ച് പ്രധാനമന്ത്രി ആവർത്തിച്ചു.

**ന്യൂ ഡൽഹി**
**12 ജൂൺ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.